"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി വീണ പി.എസ്-ന്റെ സേവന കാലാവധി ദീർഘിപ്പിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ഡി.)വകുപ്പ്**

സ.ഉ.(സാധാ) നം.441/2025/LSGD തീയതി,തിരുവനന്തപുരം, 12-02-2025

പരാമർശം:- 1. സ.ഉ.(കൈ) നം.80/2024/ത.സ്വ.ഭ.വ തീയതി 29.06.2024

2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഡയറക്ടറുടെ 18.01.2025 -ലെ NREGA/880/2O23-D1 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പരിചയസമ്പന്നരായ ജീവനക്കാരുടെ സേവനത്തുടർച്ച ഉറപ്പാക്കുന്നതിന്റെ ഭാഗമായി പരാമർശം (1) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാന മിഷൻ ഓഫീസിൽ നിയമിച്ചിട്ടുള്ള കരാർ ജീവനക്കാരുടെ പെർഫോമൻസ് അപ്രൈസൽ നടപടികൾ പൂർത്തിയാക്കിയ ശേഷം സർക്കാരിന്റെ അംഗീകാരത്തിന് ശേഷം കരാർ കാലാവധി ദീർഘിപ്പിക്കാനാണ് ടി ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളത്.

2. സംസ്ഥാന മിഷനിൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി വീണ പി.എസ്-ന്റെ കരാർ കാലാവധി 06.02.2025-ൽ അവസാനിച്ചിട്ടുണ്ടെന്നും എന്നാൽ ടി തസ്തിക തുടർന്നും ആവശ്യമായതിനാൽ ടിയാളുടെ പെർഫോർമൻസ് അപ്രൈസൽ നടത്തുകയുണ്ടായെന്നും, പെർഫോമൻസ് അപ്രൈസലിൽ ശ്രീമതി.വീണ പി.എസ് 82.5% മാർക്ക് നേടിയിട്ടുള്ളതിനാൽ ടിയാളുടെ സേവന കാലാവധി രണ്ട് വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് കരാർ പുതുക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം മിഷൻ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.വീണ പി.എസ്-ന്റെ കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം, ഒരു ദിവസത്തെ ഇടവേള നൽകി, ടിയാളുടെ കരാർ 2 വർഷത്തേയ്ക്ക് പുതുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ശ്രീമതി.വീണ പി.എസ്., MGNREGS സംസ്ഥാന മിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Nisam N

Date: 12-02-2025 14:33:18

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്